പാലിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നതിന് സർവ്വകലാശാലകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രീഡിഗ്രി, ഡിഗ്രി ക്ലാസുകളിലെ താഴ്ന്ന വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം

106 (2982) ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി, ഡിഗ്രി ക്ലാസുകളിൽ പഠിക്കുന്ന താഴ്ന്ന വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള വരുമാന പരിധി എത്രയാണ് ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണത്തെ തുടർന്ന് ഈ ആനുകൂല്യം ലഭിച്ചിരുന്ന നിരവധി വിദ്യാർത്ഥികൾക്ക് ഇപ്പോൾ ഫീസ് സൗജന്യം നിഷേധിക്കപ്പെട്ടിരിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സാഹചര്യത്തിൽ താഴ്ന്ന വരുമാനക്കാരായ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രീഡിഗ്രിയ്ക്ക് 20,000 രൂപയും ഡിഗ്രിയ്ക്ക് 25,0000 രൂപയും

(ബി) ഉണ്ട്.

(സി) പരിഗണിക്കുന്നതാണ്.

കേരള യൂണിവേഴ്സിറ്റിയിലെ ടൈപ്പിസ്റ്റ് തസ്തികകൾ

107 (2984) ശ്രീ. ബി. വിജയകുമാർ :
ശ്രീ.കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ യൂണിവേഴ്സിറ്റിയിലും അതിന്റെ കീഴിലുള്ള ഓഫീസുകളിലും ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകളുണ്ട് ;

(ബി) ഈ തസ്തികയിലേക്കുള്ള ടെസ്റ്റ് നടത്തിയതെന്നാണ് ;

(സി) ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ഡി) ഈ റാങ്ക് ലിസ്റ്റിൽ എത്ര പേരുണ്ട് ;

(ഇ) ഈ റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിരമായോ താൽക്കാലികമായോ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം; എപ്രകാരം നിയമിച്ചു ; റാങ്ക് ലിസ്റ്റിലെ അവരുടെ റാങ്ക് നമ്പർ എത്രയാണ് ;

(എഫ്) ഈ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly